പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 320 15.12.2014-ൽ മറുപടിയ്ക്ക്

## ദേശീയ ഗെയിംസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.എം.എ.ബേബി<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻനായർ<br>ശ്രീ.ബി.സത്യൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) 2015 ഫെബ്രുവരിയിൽ ദേശീയ ഗെയിംസ് ഏറ്റവും മികച്ച നിലയിൽ നടത്തുന്നതിന് അവശേഷിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ ; അടിസ്ഥാന സൗകര്യപദ്ധതികൾ എല്ലാം പൂർത്തിക്കിയാക്കിയിട്ടുണ്ടോ ; ഇവ ഏത് അന്തർദേശീയ മത്സരവും നടത്താൻ കെല്പുള്ളതാണോ ; | (എ) 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ നടക്കുന്ന 35-ാമത് ദേശീയ ഗെയിംസിന് വേദികളാകുന്ന 16 സ്റ്റേഡിയങ്ങളിൽ, പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള പുനഃരുദ്ധാരണവും, 9 പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും, 10 താല്കാലിക നിർമ്മിതികളുമാണ് സജ്ജമാകുന്നത്. കാര്യവട്ടത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയത്തിന്റെ നിർമ്മാണം നടന്നുവരുന്നു. ദേശീയ ഗെയിംസിന്റെ ഉദ്ഘാടന-സമാപന ചടങ്ങുകൾ അവിടെയാണ് നടക്കുന്നത്. ദേശീയ ഗെയിംസിന്റെ കായികമത്സരങ്ങൾ നടത്തുന്നതിന് അനുയോജ്യമായ നിലയിലാണ് സ്റ്റേഡിയങ്ങൾ തയ്യാറായി വരുന്നത്.<br>ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന, ഏകദേശം 5000 കായിക താരങ്ങൾക്കും ഒഫിഷ്യൽസിനും താമസ സൗകര്യവും ഭക്ഷണവും ഒരുക്കുന്നതിനായി തിരുവനന്തപുരം മേനംകുളത്ത് 30 ഏക്കർ സ്ഥലത്ത് 3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ പ്രീ-ഫാബ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി നിർമ്മിക്കുന്ന ഗെയിംസ് വില്ലേജിന്റെ കെട്ടിടനിർമ്മാണം പൂർത്തിയായി. ഗെയിംസ് വില്ലേജിലെ മറ്റ് അനുബന്ധപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഗെയിംസ് നടക്കുന്ന തിരുവനന്തപുരം ഒഴികെയുള്ള മറ്റ് ജില്ലകളിൽ കായിക താരങ്ങൾക്കും, ഒഫിഷ്യൽസിനും താമസസൗകര്യവും ഭക്ഷണവും ഏർപ്പാടാക്കുന്നതിന് ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റികൾപ്രവർത്തനസജ്ജമായിട്ടുണ്ട്. |

ദേശീയ ഗെയിംസിന്റെ ഓർഗനൈസിംഗ് കമ്മിറ്റിയും അതിന്റെ ഭാഗമായുള്ള 22 കമ്മിറ്റികളും ഫലപ്രദമായി പ്രവർത്തിച്ച് ഗെയിംസ് നടത്തുന്നതിന് ആവശ്യമായ എല്ലാ തയ്യാറെടുപ്പുകളും നടത്തിവരികയാണ്.

വിവിധ കായിക ഉപകരണങ്ങൾ വിദേശത്തുനിന്നും രാജ്യത്തിനകത്ത് നിന്നുമായി സ്വരൂപിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. നിർമ്മാണപ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.

| | |
|---|---|
| **(ബി)** ദേശീയ ഗെയിംസിന്റെ നടത്തിപ്പിന് എന്തുതുക ചെലവ് പ്രതീക്ഷിക്കുന്നു ; ഏതെല്ലാം നിലയിൽ സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നു ? | (ബി) ഭൗതിക സാഹചര്യ വികസനത്തിനും ഗെയിംസ് നടത്തിപ്പിനുമായി 540 കോടിയോളം രൂപയുടെ ആകെ ചെലവാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാർ നൽകുന്ന തുകയ്ക്കു പുറമേ സ്പോൺസർഷിപ്പിലൂടെയും തുക സമാഹരിക്കാൻ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**